## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6332 11/07/2012 - ൽ മറുപടിക്ക്

### 'തീരമൈത്രി' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>„ കെ. ശിവദാസൻ നായർ:<br>„ പി. എ. മാധവൻ:<br>„ എം. എ. വാഹീദ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) 'തീരമൈത്രി' എന്ന പേരിൽ പുതിയ ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുവാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സൂക്ഷ്മ സംരംഭ പദ്ധതികളുടെ സുസ്ഥിരമായ നിലനിൽപ്പിനുവേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ സാഫ് എന്ന ഏജൻസി മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് തീരമൈത്രി. 2012-13 വർഷത്തിൽ ഈ പദ്ധതിക്കായി 815 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. . തീരദേശ മേഖലയിൽ പുതിയ ലഘു സംരംഭങ്ങൾ ആരംഭിക്കുക, സംരംഭ യൂണിറ്റുകൾക്ക് പലിശയില്ലാതെ പണം കടം കൊടുക്കുക, തീരദേശ മേഖലയിൽ പ്രാദേശികമായ ചില്ലറ വിൽപ്പന ശാലകൾ ആരംഭിക്കുക, യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുള്ള മേഖലകൾ കണ്ടെത്തുക, സംരംഭകർക്ക് ഏറ്റവും പുതിയ രീതിയിലുള്ള സാങ്കേതിക പരിശീലനം നൽകുക എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. |

(ബി) തീരമൈത്രി പദ്ധതി മത്സ്യ മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഏത് തരത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ട്. തീരദേശ മേഖലയിൽ ആരംഭിച്ചിട്ടുള്ള 2500 ഓളം ലഘു സംരംഭക യൂണിറ്റുകളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കുക വഴി ഇവർക്ക് സ്വന്തമായി വരുമാനമുണ്ടാക്കുവാനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നുണ്ട്. തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ലഘു സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സാങ്കേതികസഹായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനു പുറമേ വിവിധ തരത്തിലുള്ള പരിശീലന പരിപാടികളും നൽകുന്നു. ഇത് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്ന നടപടികൾ കൂടി പദ്ധതിയുടെ ഭാഗമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(സി) ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൺ (സാഫ്) എന്ന ഏജൻസി മുഖേന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി വിവിധ തരത്തിലുള്ള ജീവനോപാധികൾ ആണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

Reji Rajendran

സെക്ഷൻ ഓഫീസർ